# വചനസുമം



ഡിസംബർ 2018

# ഡിസംബർ 2018
## വചനസുമം

ഡിസംബർ 2 : വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു
ലൂക്കാ 1:39–56

ബ്ര. ഹെൻറി സാം ഒ.ഐ.സി

ഡിസംബർ 9 : യോഹന്നാൻ മാംദാനയുടെ ജനനം
ലൂക്കാ 1: 57–66

ബ്ര. ജിതിൻ ജോർജ്ജ് ഒ.ഐ.സി

ഡിസംബർ 16 : മാർ യൗസേപ്പിനുണ്ടായ ദർശനം
മത്തായി 1: 18–25

ബ്ര. അലൻ തോമസ് ഒ.ഐ.സി

ഡിസംബർ 23 : യൽദായ്ക്കു മുമ്പുള്ള ഞായർ
ലൂക്കോസ് 2:1–5

ബ്ര. ഡേവിഡ്. ചരുവിളയിൽ ഒ. ഐ. സി

ഡിസംബർ 25 : യൽദാപ്പെരുന്നാൾ
മത്തായി 2:1–12

ബ്ര. ലിബിൻ മാത്യു ഒ. ഐ.സി

ഡിസംബർ 30 : യൽദായ്ക്കു ശേഷം ഒന്നാം ഞായർ
ലൂക്കാ 2:41–52

ബ്ര. അലക്സ് ഒ. ഐ.സി

# വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

## ലൂക്കാ 1:39–56

ബ്ര. ഹെൻറി സാം ഒ.ഐ.സി

**സന്ദർഭം**

ലൂക്കായുടെ സുവിശേഷത്തിലെ ആദ്യത്തെ രണ്ടദ്ധ്യായങ്ങൾ ഈശോമിശിഹായുടെ ജനനത്തെ കുറിച്ചാണ് വിവരിക്കുന്നത്. സ്നാപകയോഹന്നാന്റെ ജനനത്തേകുറിച്ചുള്ള അറിയിപ്പിന് ശേഷം, ദൂതൻ മറിയത്തോട് രക്ഷകന്റെ ജനനത്തേക്കുറിച്ചറിയിക്കുന്നതും, അവളുടെ പ്രത്യുത്തരവും സുവിശേഷകൻ വ്യാഖ്യാനിക്കുന്നു. എലിസബത്തിനെ ശുശ്രൂഷിക്കാൻ മറിയം തിടുക്കത്തിൽ യാത്രയാകുന്നതും അവർ തമ്മിലുള്ള കൂടികാഴ്ച്ചയുമാണ് ഇന്നത്തെ വേദഭാഗം.

**പ്രമേയം**

എലിസബത്തിന്റെ വിശ്വാസവും മറിയത്തിന്റെ സ്തോത്രഗീതവുമാണ് ഇന്നത്തെ പ്രമേയങ്ങൾ. രക്ഷാകരചരിത്രത്തിൽ തങ്ങളും ഭാഗഭാഗുക്കളാണ് എന്ന് മനസ്സിലാക്കിയ രണ്ട് പേർ. ഉദരത്തിൽ രക്ഷകന്റെ മുന്നോടിയേയും, രക്ഷകനെയും പേറി അവർ ദൈവത്തിന് സ്തോത്രം നൽകുന്നു. തനിക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപ പകർന്നു കൊടുക്കുവാൻ മറിയം തിടുക്കത്തിൽ യാത്രപുറപ്പെടുന്നത് ക്രിസ്തുശിഷ്യരായ നമ്മോടുള്ള ആഹ്വാനമായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.

**സന്ദേശം**

മറിയത്തിന്റെ സ്തോത്രഗീതം ആരംഭിക്കുന്നത്, അവൾ ദൈവത്തിൽ ആനന്ദിക്കുന്നു എന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ്. പരി. ദൈവമാതാവ് തന്റെ ആനന്ദം കണ്ടെത്തുന്നത് രക്ഷകനായ ദൈവത്തിങ്കലാണ്, ഭൗതികസുഖങ്ങളിലോ, ലോകനേട്ടങ്ങളിലോ അല്ല. ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന് അവൾ മാലാഖയുടെ അറിയിപ്പിനോട് പ്രത്യുത്തരിച്ചത് ദൈവത്തിൽ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടാണ്. ഈ സമർപ്പണമാണ് അവളെ രക്ഷകനിൽ ആനന്ദിക്കാൻ പ്രാപ്തയാക്കിയത്. മറിയത്തിന്റെ സ്വരം എലിസബത്തിൽ പരിശുദ്ധാത്മാവിനെ നിറച്ചു, ശിശു അവളുടെ ഉദരത്തിൽ കുതിച്ചു ചാടി. ക്രിസ്തിയജീവിതം പരിശുദ്ധാത്മാവിലുള്ള ആനന്ദത്തിന്റെ ജീവിതമാണ്. ആനന്ദത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതാണ് ക്രിസ്ത്യാനിയുടെ ധർമ്മം. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ റോമ- 14–17 ൽ പറയുന്നത് "ദൈവരാജ്യമെന്നാൽ നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് എന്ന്". സമ്പൂർണ്ണമായ സമർപ്പണത്തിലുടെ മാത്രമേ പരിശുദ്ധാദ്ധാത്മാ വിന്റെ ആനന്ദം നമുക്കു ലഭിക്കുകയുള്ളു.

- **രക്ഷകനിൽ ആനന്ദം**

ദൈവസന്നിധിയിൽ ആനന്ദം കണ്ടെത്തിയവളായിരുന്നു പരിശുദ്ധ ദൈവമാതാവ്. രക്ഷകനിൽ ആനന്ദിക്കുവാൻ അവളെ പ്രാപ്തയാക്കിയത് അവളുടെ സമ്പൂർണ്ണമായ സമർപ്പണമായിരുന്നു. നമുക്കും ഈ ആനന്ദം അപ്രാപ്യമല്ല എന്ന് മറിയം പഠിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ പുതുമ മനസി

ലാക്കിയ പരിശുദ്ധ മറിയം പാടുകയാണ്, “എന്റെ ആത്മാവ് എന്റെ രക്ഷകനിൽ ആനന്ദിക്കുന്നു. (luke 1:47). ദൈവത്തോട് ചേർന്ന് നിൽക്കുന്നവരുടെ സ്ഥായീഭാവമാണ് ആനന്ദം. നമ്മുടെ മുമ്പിൽ ഉദ്ദാഹരണങ്ങളായി അനേകം പേരുണ്ട്. മദർ തെരേസ, ഫ്രാൻസീസ് അസ്സീസി എന്നിവർ ഇവർ മാത്രമല്ല നമ്മുടെ അനുദിന ജീവിതത്തിലും നാം കണ്ടുമുട്ടാറുണ്ടാകും അനേകം പേരെ, അപരന്റെ ജീവിതത്തിൽ സന്തോഷത്തിന്റെ ഒളി വിതറി കടന്നുപോകുന്നവരെ. അവരൊക്കെയല്ലേ യഥാർത്ഥത്തിൽ ക്രിസ്തു ശിഷ്യർ. കാരണം ക്രിസ്തു ജീവിച്ചു കാട്ടിയതും ഇതൊക്കെ തന്നെയായിരുന്നു, അവൻ പാപിനിക്കു പുതുജീവന്റെ ആനന്ദം നൽകി, സക്കേവൂസിന്റെ ഭവനത്തിൽ അവന് പശ്ചാത്താപത്തിന്റെ ആനന്ദം നൽകി, രോഗികൾക്കു സൗഖ്യത്തിന്റെ ആനന്ദം നൽകി, വിശന്നുവലഞ്ഞവർക്ക് തൃപ്തിയുടെ ആനന്ദം നൽകി, ബഥനിയിലെ ലാസറിനും കുടുബത്തിനും ഉത്ഥാനത്തിന്റെ ആനന്ദം നൽകി, തന്റെ ശിഷ്യന്മാർക്ക് സെഹിയോൻ മാളികയിൽ പരിശുദ്ധാത്മാവിന്റെ ആനന്ദം നൽകി. ഇങ്ങനെ ക്രിസ്തു ആനന്ദം നൽകി ജീവിച്ചവനായിരുന്നു. അപ്പോൾ അവനെ അനുകരിക്കുന്ന നമ്മുടെ കടമയല്ലേ അവന്റെ ആനന്ദം നൽകുക എന്നത്. ക്രിസ്തുവാകുന്ന ആനന്ദം അനുഭവിച്ചറിഞ്ഞ്, സമ്പാദിച്ച്, അപരന് നൽകുവാൻ നമുക്കു സാധിക്കണം. പരിശുദ്ധ മറിയം ഇതു തന്നെയാണ് നമ്മോട് പറയുന്നത്. രക്ഷകനിൽ ആനന്ദിക്കുന്നവർക്ക് പ്രയാസങ്ങളോ, സഹനങ്ങളോ ഉണ്ടാവില്ല എന്നല്ല അർത്ഥം, മറിച്ച് അവർ സഹനങ്ങൾ ഉണ്ടാകുമ്പോഴും ക്രിസ്തുവിന്റെ ആനന്ദത്തെ തകർക്കാൻ ഒന്നിനും കഴിയില്ല എന്ന് വിശ്വസിക്കുന്നവരായിരിക്കും.

രക്ഷകനിൽ ആനന്ദിച്ച മറിയത്തിന്റെ സ്വരം ശ്രവിച്ചപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു ആനന്ദത്താൽ കുതിച്ച് ചാടി. (luke:1/14). ദൈവത്തിൽ ആനന്ദം കണ്ടെത്തിയവരുടെ സാന്നിദ്ധ്യവും, വാക്കുകളും, പ്രവൃത്തികളും, മറ്റുള്ളവർക്കും ആനന്ദമായി ഭവിക്കും എന്ന് മറിയം കാണിച്ചു തരുന്നു. പിതാവായ ദൈവത്തിന് സ്വയം സമർപ്പിച്ച യേശുനാഥനിലും ആനന്ദം നമുക്ക് കാണാൻ സാധിക്കും എന്ന് ലൂക്ക 10–21 വാക്യങ്ങൾ പറയുന്നു. “പരുശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ വിളിച്ച് പറഞ്ഞു.” യേശുവിന്റെ സാന്നിധ്യം ശിഷ്യന്മാരിലും ആനന്ദം പകർന്നുകൊടുക്കുന്നുണ്ട് ലൂക്ക 24–52 ൽ പറയുന്നു അവർ അത്യധികം ആനന്ദത്തോടെ ജറുസലേമിലേക്ക് മടങ്ങി എന്ന്. ക്രിസ്തീയ ജീവിതം ആനന്ദത്തിന്റെ ജീവിതമാണ്. നാം വ്യാപൃതരാകുന്ന പ്രവൃത്തികളിൽ നാം ആനന്ദം കണ്ടെത്താറുണ്ടോ. സന്തോഷത്തോടും സംതൃപ്തിയോടും പ്രവർത്തിക്കുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ദൈവത്തിൽ കണ്ടെത്തേണ്ട ആനന്ദം നാം ഇപ്പോൾ ക്ഷണിക സുഖങ്ങളിലും ലോകനേട്ടങ്ങളിലും കണ്ടെത്തിയാൽ ക്രിസ്തുവിനെപോലെ, മറിയത്തെപോലെ, ശിഷ്യന്മാരെപോലെ, വിശുദ്ധൻമാരെപോലെ, ആനന്ദിക്കുവാൻ നമുക്ക് കഴിയാതെവരും, നമ്മുടെ സാന്നിധ്യം അപരന് ബുദ്ധിമുട്ടുണ്ടാക്കിയേക്കാം. ക്രിസ്തുവിൽ ആനന്ദം കണ്ടെത്തുവാൻ പരിശ്രമിക്കുക. അപരന് പകർന്ന് കൊടുക്കേണ്ടത്, ദൈവസ്നേഹത്തിൽ സമർപ്പിച്ച ആനന്ദമാണ് നമ്മുടെ ഹൃദയത്തിൽ ഉണ്ടാകേണ്ടത് എന്ന് പരിശുദ്ധ മറിയം തന്റെ ജീവിതത്തിലൂടെ സാക്ഷിക്കുന്നു.

നാം അറിഞ്ഞ, വിശ്വസിച്ച, അനുഭവിച്ച ക്രിസ്തുവിനെ ലോകത്തിനു മുമ്പിൽ സാക്ഷ്യപ്പെടുത്തുക. അത് അനേകർക്ക് തിരിച്ചറിവിനും രക്ഷയ്ക്കും കാരണമാകും.പരിശുദ്ധ മറിയത്തെപോലെ നമ്മുടെ ജീവിതവും സമർപ്പത്തിലുള്ള ആനന്ദത്തിൽ ക്രമപ്പെടുത്തിയാൽ നാമും മറ്റുള്ളവർക്ക് അനുഗ്രഹമായി മാറും. സ്വർഗ്ഗത്തിന്റെ എല്ലാ വരപ്രസാദങ്ങളും നമുക്ക് വാങ്ങിനൽകാൻ കെല്പുള്ള മറിയത്തെപോലെ, ക്രിസ്തുവിനെ നൽകുന്നവരായി ആനന്ദം നൽകുന്നവരായി നമുക്ക് മാറാം. ഇതാ ഞാൻ

കർത്താവിന്റെ ദാസി /ദാസൻ എന്ന വചനത്തിൽ ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിക്കാനും രക്ഷകനായ ദൈവത്തിൽ ഞാൻ ആനന്ദിക്കുന്നു വിളിച്ചു പറയാനും നമുക്ക് സാധിക്കട്ടെ.

# യോഹന്നാൻ മാംദാനയുടെ ജനനം

## ലൂക്കാ 1: 57–66

ബ്രദർ. ജിതിൻ ജോർജ്ജ് ഒ.ഐ.സി

**പശ്ചാത്തലം**

മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ് എന്ന തിരിച്ചറിവ് സ്നാപകയോഹന്നാന്റെ മാതാപിതാക്കൾക്കും അവരുടെ അയൽക്കാർക്കും അതിയായ സന്തോഷം ഉളവാക്കി. ലൂക്കാ 2 :21 –യേശുവിന്റെ പരിച്ഛേദനത്തെപ്പറ്റി പ്രതിപാദിക്കുന്ന സുവിശേഷഭാഗവുമായി ബന്ധപ്പെട്ടുകിടക്കുന്നു. യേശുവും, സ്നാപകയോഹന്നാനും ഗർഭത്തിൽ ഉരുവാകുന്നതിനു മുമ്പുതന്നെ ദൂതൻ നിർദ്ദേശിച്ച പേരാണ് ജനനവേളയിൽ ഇരുവർക്കും നല്കപ്പെടുന്നത്. ലൂക്കാ 1 : 57–66 വരെയുള്ള വചനഭാഗത്തിന്റെ വ്യാഖ്യാനമായാണ് സഖറിയായുടെ പ്രവചനഗീതത്തെ വി. ലൂക്കോസ് അവതരിപ്പിച്ചിരിക്കുന്നത്. ഈ രണ്ടു സുവിശേഷഭാഗങ്ങളിലൂടെ ലൂക്കോസ് സുവിശേഷകൻ തന്റെ ദൈവശാസ്ത്രം വ്യക്തമാക്കുന്നു. അതായത് പ്രവചനങ്ങളുടെ പൂർത്തീകരണമായാണ് ദൈവം ചരിത്രത്തിൽ ഇടപെട്ടത് എന്ന്.

**പ്രമേയം**

സ്നാപകയോഹന്നാന്റെ ജനനവും അതിനുശേഷമുള്ള ശിശുവിന്റെ പരിച്ഛേദനവും ദൂതൻ കൽപി ക്കുന്നതനുസരിച്ച് എലിസബത്തും സഖറിയായും ശിശുവിന് യോഹന്നാൻ എന്ന പേര് നിർദ്ദേശി ക്കുന്നതുമാണ് ഇന്നത്തെസുവിശേഷഭാഗത്തിന്റെ മുഖ്യ പ്രമേയം.

**സന്ദേശം**

“കർത്താവ് അവളോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നുകേട്ട അയൽക്കാരും ബന്ധു ക്കളും അവളോടൊത്തു സന്തോഷിച്ചു.” (ലൂക്കാ 1:58)

മനുഷ്യജീവിതത്തിലെ യഥാർത്ഥ സന്തോഷം ദൈവം മനുഷ്യരോട് കാട്ടുന്ന കാരുണ്യമാണ്. ആ സന്തോഷം മറ്റുള്ളവർക്ക് ലഭിക്കുമ്പോൾ, അവരോടൊത്ത് സന്തോഷിക്കണം. കാരണം ദൈവം ഒരു വ്യക്തിക്ക് സന്തോഷം കൊടുക്കുമ്പോൾ, അതായത് കാരുണ്യം കാണിക്കുമ്പോൾ, അത് ആ വ്യക്തി യുടെ മാത്രം സന്തോഷമല്ല. മറിച്ച് അത് മറ്റുള്ളവരുടെ സന്തോഷംകൂടി ആയിരിക്കും. കാരണം ഒരു വ്യക്തിയോട് ദൈവം കാണിക്കുന്ന കാരുണ്യത്തിലൂടെ അനേകം വ്യക്തികൾക്ക് രക്ഷയുടെ അനു ഭവം ലഭിക്കുന്നു. ആ ഒരു തിരിച്ചറിവാണ് നമ്മെ മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കു ചേരാൻ പ്രേരിപ്പിക്കുക.

ദൈവം തരുന്നസന്തോഷത്തിന്, അല്ലെങ്കിൽ കരുണയ്ക്ക് രണ്ട് പ്രത്യേകതകൾ ഉണ്ട്: ഒന്ന് ഒരു വ്യക്തിക്ക് ലഭിക്കുന്ന സന്തോഷം; രണ്ട് ഒരു സമൂഹത്തിന്റെ സന്തോഷം. അപ്പോൾ അയൽക്കാ രന്റെ ജീവിതത്തിലെ സന്തോഷം എനിക്ക് സന്തോഷം പകരുന്നുണ്ടോ? എന്തിനാണ് ഞാൻ മറ്റുള്ള വരുടെ സന്തോഷത്തിൽ പങ്കുചേരുന്നത്? മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരാൻ ഞാൻ

മനസ്സു കാണിക്കുന്നുണ്ടോ? തുടങ്ങിയവ ഇന്നത്തെ വചനഭാഗത്തിന്റെ ചിന്തകളായി അവശേഷിക്കുന്നു.

ക്രിസ്തുമസിനോട് അടുത്തുകൊണ്ടിരിക്കുന്ന ഈ നാളുകളിൽ വി. ഗ്രന്ഥം നമ്മോട് ആവശ്യപ്പെടുന്നത് മറ്റുള്ളവരോടൊത്ത് സന്തോഷിക്കാനാണ്. ഒരുവന്റെ സന്തോഷം എന്നത് ദൈവത്തിന്റെ കരുണ പ്രകടമാകുന്നതാണ്. അത് അതോടുകൂടി അവസാനിക്കുന്നില്ല. അത് വരാനിരിക്കുന്ന വലിയ സന്തോഷങ്ങളുടെ മുന്നോടിയാണ്. സ്നാപകയോഹന്നാന്റെ ജനനത്തോടനുബന്ധിച്ചുള്ള അയൽക്കാരുടെ സന്തോഷവും ആ ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വചനഭാഗത്തിന്റെ ചരിത്ര പശ്ചാത്തലം പരിശോധിക്കുമ്പോൾ നാം കാണുന്നത്, പാലസ്തീനായിൽ ഒരു ആൺകുട്ടിയുടെ ജനനം എന്നത് ആ നാട്ടിലുള്ളവർക്ക് വലിയ സന്തോഷത്തിന്റെ നിമിഷങ്ങളാണ്. ഒരു ശിശുവിന്റെ ജനനസമയം അടുക്കുമ്പോൾ കൂട്ടുകാരും, സംഗീതജ്ഞരും ആഘോഷങ്ങൾക്കായി കുഞ്ഞു ജനിക്കാൻ പോകുന്ന വീട്ടിൽ ഒത്തുകൂടുന്ന ഒരു പതിവ് ഉണ്ടായിരുന്നു.ജനിക്കുന്നത് പെൺകുട്ടിയാണെങ്കിൽ അവർ ആഘോഷങ്ങളൊന്നും നടത്താതെ തിരിച്ചുപോകും. ആൺകുട്ടിയാണ് ജനിക്കുന്നതെങ്കിൽ അവർ വലിയ ആഘോഷങ്ങൾ നടത്തും. ഒരു പെൺകുട്ടിയുടെ ജനനം ലോകദുഃഖമാണെങ്കിൽ ഒരു ആൺകുട്ടിയുടെ ജനനം ലോകസന്തോഷത്തിന്റെ പ്രതീകമാണ്. ഇവിടെ എലിസബത്ത്-സഖറിയാ ദമ്പതികളുടെ വീടിനെ സംബന്ധിച്ചിടത്തോളം ഇരട്ടിസന്തോഷമാണ്. കാരണം കുട്ടികളില്ലാതിരുന്ന അവർക്ക് ഒരു കുട്ടിയെ ലഭിച്ചിരിക്കുന്നു എന്നു മാത്രമല്ല അത് ഒരു ആൺകുട്ടിയുമാണ്.

സ്നാപക യോഹന്നാന്റെ ജനനത്തോടനുബന്ധിച്ചുള്ള ആഹ്ലാദം സഖറിയായുടെയും എലിസബത്തിന്റെയും സ്വകാര്യ സന്തോഷയി മാത്രം മാറുന്നില്ല. അത് അയൽക്കാരുടെയും ബന്ധു ജനങ്ങളുടെയും കൂടി സന്തോഷമായി മാറുകയാണ് (ലൂക്കാ 1:58). മറ്റുള്ളവരുടെ ജീവിതത്തിലെ സന്തോഷം ഒരു വ്യക്തിയുടെ സന്തോഷം മാത്രമായി ചുരുങ്ങുകയല്ല, കാരണം ഒരാൾക്കു ലഭിക്കുന്ന നന്മയിലൂടെ ഒരു സമൂഹത്തിന് കൈവരാനിരിക്കുന്ന നന്മയെ ദൈവം മുൻകൂട്ടി ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. അപ്പോൾ സഖറിയായോടും, എലിസബത്തിനോടുമൊപ്പം നമുക്കും സന്തോഷിക്കാം. കാരണം ഇത് മാനവരക്ഷക്ക് മുന്നോടിയായുള്ള രക്ഷയുടെ സന്തോഷമാണ്. ആ യഥാർത്ഥ രക്ഷ യേശുക്രിസ്തു തന്നെയാണ്. ഇന്ന് ഈ വചനഭാഗത്തോട് ചേർന്ന് സഭ ഒന്നടങ്കം സന്തോഷിക്കുമ്പോൾ, നാം രക്ഷകനായ ദൈവത്തിന്റെ വരവിൽത്തന്നെയാണ് സന്തോഷിക്കുന്നത്. അങ്ങനെവരുമ്പോൾ അയൽക്കാരന്റെ സന്തോഷം അവന്റെ മാത്രം സന്തോഷമല്ല, മറ്റുള്ളവരുടെ സന്തോഷമായി മാറുകയാണ്. അയൽക്കാരന്റെ സന്തോഷത്തിൽ അമർഷവും, അസൂയയും തോന്നുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ഓരോരുത്തരും ജീവിക്കുന്നത്. വിശുദ്ധ കുമ്പസാരത്തിനുള്ള ഒരുക്കത്തിന്റെ ഭാഗമായി 'ആത്മശോധന (ദൈവകല്പനകളിലൂടെ )' എന്ന ഭാഗത്ത് 8-ാ മത്തെ കല്പനയോടനുബന്ധിച്ച് ഒരു ചോദ്യമുണ്ട്: സ്പർദ്ധയോ മറ്റുള്ളവന്റെ ഗുണത്തിൽ അസുഖമോ ദോഷത്തിൽ തൃപ്തിയോ ഉണ്ടോ? വ്യക്തിപരമായും സാമൂഹികപരമായും, സാംസ്കാരികപരമായും, സാമുദായികപരമായും വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു വചനഭാഗമാണ് ഇത്. വ്യക്തികൾ തമ്മിലും, സമുദായങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും സംഘർഷങ്ങൾ നിലനില്ക്കുന്ന ഈ കാലഘട്ടത്തിൽ, മറ്റുള്ളവർക്ക് ലഭിക്കുന്ന സന്തോഷം എന്റെ സന്തോഷമായി കണ്ടുകൊണ്ട് അവരോടൊത്ത് സന്തോഷിക്കാൻ ജനനത്തിരുന്നാളിനായുള്ള ഈ ഒരുക്കനാളുകളിൽ നമുക്ക് സാധിക്കട്ടെ.

# മാർ യൗസേപ്പിനുണ്ടായ ദർശനം

## മത്തായി 1: 18–25

**ബ്ര. അലൻ തോമസ് ഒ.ഐ.സി**

**പശ്ചാത്തലം**

വി. മത്തായി വിവരിക്കുന്ന യേശുവിന്റെ ജനനവിവരണം മനസ്സിലാക്കാൻ ഈ സുവിശേഷഭാഗത്ത് വരുന്ന രണ്ട് കാര്യങ്ങളുടെ ചരിത്രപരമായ പശ്ചാത്തലം അറിഞ്ഞിരിക്കണം. ഒന്ന് യഹൂദരുടെ വിവാഹരീതി, രണ്ട് കന്യകയുടെ ഗർഭധാരണം.

യഥാർത്ഥ വിവാഹത്തിനുമുമ്പുള്ള യഹൂദരുടെ ചടങ്ങായിരുന്നു വിവാഹ സമ്മതം അഥവാ വിവാഹ ഉടമ്പടി മത്തായി 1:18 പറയുന്നത് അതാണ്. അത് നിയമസാധ്യതയുള്ള ഉദയ സമ്മതമായി രുന്നു. അത് ലംഘിക്കുന്നവർക്ക് ശിക്ഷയുമുണ്ടായിരുന്നു. (നിയ 20:7, 22:23–27) റബ്ബീനിക്കാ കാല ഘട്ടത്തിൽ വിവാഹ പ്രായമെന്നത് ആൺകുട്ടിക്ക് 13 വയസ്സും പെൺകുട്ടിക്ക് 12 വയസ്സുമായിരുന്നു. അന്ന് വരൻ വധുവിന് വിവാഹ ഉടമ്പടിയും സ്ത്രീധനവും കൊടുക്കുന്നു. വിവാഹ ഉടമ്പടിയും, യഥാർത്ഥ വിവാഹവും തമ്മിൽ വർഷങ്ങളുടെ ഒരുക്കവും, കാത്തിരിപ്പും. ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും കഴിയും. യഥാർത്ഥ വിവാഹത്തിനു ശേഷമാണ് വധുവിനെ വീട്ടിലേക്ക് കൊണ്ടു പോകുന്നത്. വി. മത്തായി വിവരിക്കുന്നത് മറിയവും ജോസഫും തമ്മിലുള്ള വിവാഹസമ്മതം കഴിഞ്ഞ ശേഷം അവർ കല്യാണം പ്രതീക്ഷിച്ചുകഴിയുകയായിരുന്നു(1:18). വിവാഹ നിശ്ചയത്തിന് മുമ്പ് അസാന്മാർഗ്ഗീക രീതിയിലുള്ള ഗർഭധാരണം നടത്താൻ ഉള്ള ശിക്ഷ (നിയ 22:23–27)ൽ വിവരി ക്കുന്നുണ്ട്. ജോസഫിന്റെ ചിന്ത ആ രീതിയിലാണ് നീങ്ങുന്നത്.

രണ്ടാമതായി, കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും: മത്തായി 1:22 ഉദ്ധരിക്കുന്ന പഴയനിയമ ഭാഗം ഏശയ്യാ 7:14 ആണ്. യൂദാ രാജാവായിരുന്ന ആഹാസിന്റെ കാലത്ത് സിറിയായും ഇസ്രയേലും പരാജയപ്പെടുമെന്ന പ്രവചനത്തിന്റെ അടയാളമാണ് ഇത്. അതായത് ദാവീദിന്റെ കുല ത്തിൽ ഒരു യുവതിയിൽ പിറക്കാനിരിക്കുന്ന രാജകുമാരനെക്കുറിച്ചുള്ള പ്രവചനമാണിത്. ഹീബ്രൂ വിൽ ഉപയോഗിച്ചിരിക്കുന്ന *ആൽമാ* എന്ന വാക്കിന് യുവതി എന്നാണർത്ഥം. എന്നാൽ ഗ്രീക്ക് ഭാഷ യിൽ ഇത് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത് *പർത്തേനോസ്* എന്നാണ്. അതിന് കന്യകയെന്ന് അർത്ഥമുണ്ട്. മത്തായി തന്റെ ഗ്രീക്ക് സുവിശേഷത്തിൽ ഉദ്ധരിക്കുന്ന പഴയനിയമം ഗ്രീക്ക് പഴയനി യമമായ സെപ്ത്യജിന്താണ്. ഏശയ്യാ 7:14 സെപ്ത്യജിന്തിൽ നിന്നും ഉദ്ധരിച്ചപ്പോൾ കന്യകയുടെ ഗർഭധാരണത്തിനുള്ള സാധ്യത ഉണ്ടായി.

**പ്രമേയം:**

ദൈവം കൃത്യമായി നിയന്ത്രിക്കുന്ന യൂദാ ചരിത്രഗതിയിൽ ദാവീദിന്റെ പുത്രനായ ക്രിസ്തുവായി ജനിക്കുന്നത് യേശുവാണെന്നാണ് വംശാവലി ചരിത്രം പറയുന്നത് (1:1–17). മറിയത്തിൽ നിന്നും യേശു ജനിക്കപ്പെട്ടുവെന്നാണ് (1:18) വംശാവലി പറയുന്നത്. ചുരുക്കത്തിൽ യേശു എങ്ങനെയാണ് ഒരേ സമയം ദൈവത്തിന്റെ പുത്രനും (കന്യകാ ജനനം) ദാവീദിന്റെ പുത്രനും (ക്രിസ്തു) ആകുന്ന തെന്നാണ് ഈ ഭാഗത്ത് വിശദീകരിക്കപ്പെടുന്നത്.

**സന്ദേശം:**

ദൈവമൊഴികൾക്ക് മേൽ മറുമൊഴിയില്ലാതാകുമ്പോളുണ്ടാകുന്ന ശൂന്യതയിൽ ദൈവം നിറയുന്നു. ദൈവത്തിന് നിറയാൻ ശൂന്യതയൊരുക്കിയവരാണ് യൗസേപ്പും മറിയവും. ദൈവപുത്രനെ മനുഷ്യനായി പിറക്കാൻ നിന്റെ ഗർഭപാത്രം തരുമോയെന്ന് മറിയത്തോടും, ദൈവപുത്രനെ സംരക്ഷിക്കാൻ മനസ്സുണ്ടോയെന്ന് യൗസേപ്പിനോടും ദൈവദൂതൻ ചോദിച്ചില്ല. അനുവാദം ചേദിക്കാൻ അല്ല, മറിച്ച്, ദൈവീകതീരുമാനത്തെ അറിയിക്കാനാണ് ഗബ്രിയേൽ ദൂതൻ വന്നത്. അനുവാദം ഇല്ലാതെ അകതാരിൽ വന്നിരിക്കുന്നവനാണ് ദൈവം. എന്നാൽ എല്ലായ്പ്പോഴും ദൈവം അംഗീകരിക്കുന്ന ഒന്നാണ് മനുഷ്യന് താൻ നല്കിയിട്ടുള്ള സ്വാതന്ത്യം. ഒരോ വ്യക്തിക്കും നല്കിയിട്ടുള്ള സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നവനാണ് ദൈവം അതുവഴി തന്റെ പദ്ധതിയെ നടപ്പിലാക്കുന്നു. എന്നാൽ ദൈവപുത്രന്റെ വരവിനെ കയ്പ്പോടെ കാണുന്നവർ ഉണ്ടെങ്കിലും യൗസേപ്പും മറിയവുമാകട്ടെ ദൈവത്തിന്റെ തീരുമാനം അറിഞ്ഞപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചു, കാരണം ദൈവദർശനത്തിനു വേണ്ടി കാതോർത്തിരുന്നവർ ആണ് അവർ. വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമെ യൗസേപ്പിനുണ്ടായ ദർശനത്തെപ്പറ്റി വിവരിക്കുന്നുള്ളു (1:18–25). തന്നോടൊപ്പം സഹവസിക്കുന്നതിനു മുമ്പ് മറിയം ഗർഭിണിയാണെന്നറിഞ്ഞപ്പോൾ യൗസേഫ് മറിയത്തെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു (1:18) കാരണം നീതിമാനായി ജീവിച്ച മനുഷ്യനായിരുന്നു യൗസേഫ്. അതുകൊണ്ടുതന്നെ അന്ന് യഹൂദ പാരമ്പര്യത്തിൽ നിലനിന്നിരുന്ന എല്ലാ നിയമങ്ങളും ഒരു മാറ്റമില്ലാതെ കർശനമായി അനുഷ്ഠിച്ചു പോന്നിരുന്ന വ്യക്തിയായിരുന്ന അദ്ദേഹം അതുകൊണ്ടു തന്നെ ആദ്യമേ ചിന്തിച്ചത് നിയമങ്ങൾ ആയിരിക്കാം. നിയമാനുസൃതമായ ശിക്ഷാ നടപടി നിയമാവർത്തനം 22:23–27 ൽ വിവരിക്കുന്നുണ്ട്. വളരെ കഠിനമായ ശിക്ഷയാണ്. മരണശിക്ഷവരെയാകാം. എന്നാൽ യൗസേപ്പ് ഏറ്റവും ഉദാരമായ പ്രതികരണമായിരുന്നു നടത്തിയത് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കുകയെന്നത് (1:19). നീതിമാനായ ജോസഫ് സ്വീകരിക്കുന്നത് തന്റെ ഹൃദയാലിവിന്റെയും കരുണയുടെയും പാതയാണ്. തന്റെ ജീവിതത്തിൽ സ്വീകരിക്കാവുന്ന അനേകം നടപടികളും പ്രതി പ്രവർത്തനങ്ങളും ജീവിതത്തിൽ ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം നിയമാനുസൃതമായിരുന്നുവെങ്കിലും അതിൽ നിന്ന് ഒരു പടി മാറിനിന്നുകൊണ്ട് മറ്റൊരാളുടെ ജീവന് വിലനൽകിക്കൊണ്ട് കരുണ കാണിച്ച വ്യക്തിയാണ് യൗസേഫ്. നിയമാനുസൃതമായി ജീവിച്ചു എന്നുകൊണ്ട് മാത്രം ഒരിക്കലും ഒരു വ്യക്തി നിതിമാനായി തീരുന്നില്ല. അത്തരം പ്രവർത്തനങ്ങൾ ഒരിക്കലും നീതിമാനാക്കണമെന്നുമില്ല.

വി. യൗസേഫ് നിയമാനുസൃതമായി തനിക്ക് അവകാശമായിരുന്നവകൂടി പരിത്യജിച്ച് കാരുണ്യവും ഔദാര്യവും കാട്ടുന്നിടത്താണ് യൗസേഫ് നീതിമാനായി തീരുന്നത്. ദൈവസമക്ഷം നീതിമാനാകാൻ നാം ചെയ്യേണ്ടത് ഇതു തന്നെയാണ്. നിന്റെ പ്രിയരോടും നിന്റെ കടക്കാരോടും ഉദാരത കാണിക്കുക. അവരോടു കാരുണ്യം കാണിക്കുക. അവരെ അപമാനിക്കാതിരിക്കുക (1:19) അപ്പോൾ നാമും പ്രതിഫലിപ്പിക്കുന്നത് ദൈവത്തിന്റെ കാരുണ്യമാണ്. "പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6: 36) ഇത് നമ്മുടെ വ്യക്തിജീവിതത്തിൽ സാധ്യമാകുന്നത് എന്റെ ജീവിതത്തിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിയുന്നതിനോടൊപ്പം മറ്റുള്ളവരിലും ദൈവസാന്നിധ്യം തിരിച്ചറിയുണം. അപ്പോൾ മറ്റുള്ളവരെ അപമാനിക്കാതെ അവരെ അവരുടെ കുറവുകളോടും കഴിവുകളോടും അംഗീകരിക്കാൻ നമുക്ക് സാധിക്കും. വി. ഫ്രാൻസിസ് അസ്സീസി പ്രകൃതിയെയും മൃഗങ്ങളെയും സ്നേഹിച്ചു. കാരണം ഇവയെല്ലാം ദൈവസൃഷ്ടിയാണെന്നും ദൈവാംശം ഉണ്ടെന്നുള്ള തിരിച്ചറിവിലാണ്. പ്രസിദ്ധനായ തത്വചിന്തകനായ ലെവിനാ

സിന്റെ വീക്ഷണത്തിൽ മറ്റുള്ളവരുടെ മുഖത്തേക്ക് നോക്കുമ്പോൾ നാം ദൈവത്തെയാണ് കാണുന്നത്. മറ്റുള്ളവരെ കാരുണ്യത്തിന്റെ നയനങ്ങളിലൂടെ കണ്ടുകൊണ്ട് നീതിമാൻമാരായി പരിഗണിക്കപ്പെടുവാൻ നമുക്ക് സാധിക്കണം. ഇതു വഴി നാമും ദൈവത്തിന്റെ മകൻ/മകൾ എന്ന സ്ഥാനത്തേക്ക് ഉയരുകയാണ് ചെയ്യുന്നത്. കാരണം ദൈവമാണല്ലോ ഏറ്റവും വലിയ കാരുണ്യം "ദിവ്യകാരുണ്യം".

# യൽദായ്ക്കു മുമ്പുള്ള ഞായർ

## ലൂക്കോസ് 2:1–5

**ബ്ര. ഡേവിഡ്. ചരുവിളയിൽ ഒ. ഐ. സി**

**പശ്ചാത്തലം**

അഗസ്റ്റസ് സീസറിന്റെ കാലയളവിനോടു ബന്ധിപ്പിച്ചാണ് യേശുവിന്റെ ജനനം ലൂക്കോസ് വിവരിക്കുന്നത്. "ലോകമാസകലമുള്ള ജനങ്ങളുടെ പേരെഴുതിചേർക്കപ്പെടണം".(ലൂക്ക 2:1) എന്ന അഗസ്റ്റസ് സീസറിന്റെ കൽപ്പനായാണു മിശിഹാ, ദാവീദിന്റെ പട്ടണത്തിൽ ജനിക്കണം എന്ന ദൈവനിശ്ചയത്തിന്റെ പൂർത്തീകരണത്തിനു നിമിത്തമായത്. മറിയത്തിന്റെ ഗർഭകാലത്തുതന്നെ ഈ കല്പന വരുന്നത്, പ്രവാചകന്മാരിലൂടെ ദൈവം വാഗ്ദാനം ചെയ്ത പ്രവചനം(മിക്കാ. 5:1) നിറവേറ്റുന്നതിന്റെ പ്രത്യക്ഷ ഉദ്ദാഹരണമാണ്.

**പ്രമേയം**

ജോസഫിന്റെയും മറിയത്തിന്റെയും യാത്രക്കു രണ്ടു പ്രത്യേകതകൾ ഉണ്ടായിരുന്നു – അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു, അത് പങ്കുവയ്ക്കലിന്റെ യാത്രയായിരുന്നു. ജോസഫും മറിയവും അവരുടെ സഹനങ്ങളിൽ പരസ്പരം തുണയായിരുന്നതുപോലെ നമുക്ക് ഉണ്ടാകുന്ന സഹനങ്ങളിൽ അന്യോന്യം തുണയായിരിക്കണം.

**സന്ദേശം**

യേശുവിന്റെ ജനനപ്പെരുന്നാളിന് ഒരുക്കമായി സഭ നമ്മുടെ വിചിന്തനത്തിനായി ഈ വേദഭാഗം നല്കുന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്. ലോകത്തിന്റെ രക്ഷകനെ നമ്മുടെ ഓരോരുത്തരുടെയും രക്ഷകനായി സ്വീകരിക്കാൻ നാം നമ്മെത്തന്നെ ഒരുക്കുക എന്നതാണ്. "ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന സമയം വരുന്നു"(ജറ.23:5) എന്ന് ജറമിയാ പ്രവാചകനിലൂടെ അരുളിച്ചെയ്ത പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഇവിടെ നടക്കുന്നത്. വചനിപ്പിലൂടെ ദൈവം അനുഗ്രഹിച്ച നസ്രത്തിലെ ഭവനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട നഗരമായ ബേത്ലഹേമിലേക്കുള്ള യാത്രയാണ് ഇവിടെ ജോസഫും മറിയവും നടത്തുന്നത്. ഇവരുടെ ഈ യാത്ര വളരെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു.

- അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു
- അത് പങ്കുവയ്ക്കലിന്റെ യാത്രയായിരുന്നു.

**അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു**

യാത്രകൾക്കെല്ലാം ഒരു ലക്ഷ്യമുണ്ട്. ഓരോ യാത്രയേയും വ്യത്യസ്തമാക്കുന്നത് അതിന്റെ പിന്നിലെ ഉദ്ദേശശുദ്ധിയാണ്. സാധാരണ രീതിയിൽ ചിന്തിച്ചാൽ ജോസഫിന് ഈ യാത്ര ഒഴിവാക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നു. എങ്കിലും, ഈ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെടുമ്പോൾ

അതിന്റെ പിന്നിലെ ചേതോവികാരം നിയമങ്ങൾ അനുസരിക്കുന്ന ഒരു സാധാരണക്കാരന്റെ മാത്രമാണ്. അതാണല്ലോ, ബൈബിളും നീതിമാൻ എന്ന വാക്കിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നത്. ലോകത്തിലെ സർവ്വജനങ്ങളും ഒരു യാത്രയിലാണ്. അവരവരുടേതായ ലക്ഷ്യങ്ങളിലേക്കുള്ള യാത്ര. ഒരു ക്രൈസ്തവന്റെ യാത്രയെ മറ്റുള്ളവരുടെ യാത്രകളിൽ നിന്നു വ്യത്യസ്തമാക്കുന്നത് അതിന്റെ പ്രത്യേകമായ ലക്ഷ്യവും ഉദ്ദേശശുദ്ധിയുമാണ്. ഈ ലക്ഷ്യം സ്വർഗ്ഗീയ ജറുസലേമും, ഉദ്ദേശശുദ്ധി സ്വർഗ്ഗത്തിലുള്ള പേരെഴുതിക്കലുമാണ്. യാത്ര മാറ്റിവയ്ക്കാൻ പല വഴികൾ ഉണ്ടായിരുന്നുവെങ്കിലും ജോസഫ് യാത്രതുടരാൻ നിശ്ചയിക്കുന്നു. എന്നാൽ, ഇന്നു നമ്മുടെ ലക്ഷ്യപ്രാപ്തിക്കു ഭംഗം വരുത്തുന്ന തടസങ്ങൾ വളരെയാണ്. ദൈവികനിയമങ്ങളെ ശിരസ്സാവഹിക്കുമ്പോൾ മാത്രമേ നമ്മുടെ ലക്ഷ്യങ്ങൾക്കു തടസം നിൽക്കുന്നവയെ പിഴുതെറിയുവാൻ നമുക്കു സാധിക്കുകയുള്ളൂ.

**അത് പങ്കുവയ്ക്കലിന്റെ യാത്രയായിരുന്നു**

ഉപേക്ഷകളോടെ നടത്തേണ്ട ഈ യാത്രകൾക്കു കൂട്ടായിട്ടുള്ളത് പങ്കുവയ്ക്കലും സഹനങ്ങളും മാത്രമാണ്. ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയത്തെ തന്റെ യാത്രയിലെ സഹയാത്രികയായി കൂടെ കൂട്ടുന്നത് ഒറ്റയ്ക്ക് ഒരു യാത്ര നടത്തുവാനുള്ള ധൈര്യക്കുറവു കൊണ്ടൊന്നുമല്ലല്ലോ. സ്ത്രീ പുരുഷന്റെ സാമീപ്യം ഏറെ ആഗ്രഹിക്കുന്നു എന്ന മനശാസ്ത്രം അറിഞ്ഞിട്ടെന്നവണ്ണം ഈ നീണ്ട യാത്രയിൽ ജോസഫ് ഗർഭിണിയായ മറിയത്തേയും കൂട്ടുന്നു. അതിനാലാണ് ഇതിനെ പങ്കുവയ്ക്കലിന്റെ യാത്രയെന്ന് നാം വിശേഷിപ്പിക്കുന്നത്. ഈ യാത്രയിലെ എല്ലാ പ്രതിബന്ധങ്ങളിലും പരസ്പരം കൂടെയായിരിക്കുവാൻ അവർക്കു സാധിച്ചത്, പങ്കുവയ്ക്കലിന്റെ ശക്തിയിൽ നിന്നാണ്. ഇന്നത്തെ ലോകത്തിൽ പങ്കുവയ്ക്കലുകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ പങ്കുവയ്ക്കലുകകൾ നഷ്ടപ്പെടുന്നതുമൂലം ബന്ധങ്ങൾ ഒക്കെയും ബന്ധനങ്ങൾ ആകുന്നു, ജീവിതങ്ങളൊക്കെയും ഒറ്റപ്പെട്ട തുരുത്തുകളാകുന്നു. നമ്മുടെ സമൂഹജീവിതത്തിലും കുടുംബജീവിതത്തിലും സഹനങ്ങളിൽ കൂടി കടന്നു പോകുന്നവരെ ഒറ്റയ്ക്കു യാത്ര ചെയ്യുവാൻ അനുവദിക്കാതെ അവരുടെ കൂടെ ആയിരക്കുവാനുള്ള ഒരു നിയോഗവും നമുക്കുണ്ട്.

ചില സഹനങ്ങൾ ഒരുനാൾ നമ്മെ മുറിപ്പെടുത്തിയെങ്കിൽ ദിനങ്ങൾ കഴിയുമ്പോൾ ആ മുറിവുകൾ എത്രയോ സന്തോഷത്തിന്റെ അനുഭവങ്ങളാണ് നമുക്കു നല്കുക. ജോസഫിന്റെയും മറിയത്തിന്റെയും ഈ സഹന യാത്ര ചെന്നുനില്ക്കുന്നത് പുൽക്കൂട്ടിലും പുല്ക്കൂട്ടിൽ പിറന്ന ക്രിസ്തുവിലുമാണ്.

**ഉപസംഹാരം**

സ്വർഗ്ഗീയ ജറുസലേമിൽ പേരെഴുതിക്കുവാനുള്ള യാത്രയിൽ സഹനങ്ങൾ ഏറ്റെടുക്കുവാനും മറ്റുള്ളവരുടെ സഹനങ്ങളിൽ അവരോടു കൂടെയായിരിക്കുവാനും നമുക്കു സാധിക്കുമ്പോൾ നാം എത്തിച്ചേരുന്നത് പുൽക്കൂട്ടിലും രക്ഷയുടെ പ്രതീകമായ ക്രിസ്തുവിലുമാണ്. ജനനത്തിരുന്നാളിനു വേണ്ടി ഒരുങ്ങുന്ന ഈ നാളുകളിൽ ഇത്തരം ഒരു യാത്ര നടത്തുവാനും അങ്ങനെ പുൽക്കൂട്ടിൽ എത്തിച്ചേരുവാനും നമുക്കു സാധിക്കട്ടെ.

# യൽദാപ്പെരുന്നാൾ

## മത്തായി 2:1–12

ബ്ര. ലിബിൻ മാത്യു ഒ. ഐ.സി

**പശ്ചാത്തലം**

റോമൻ ചക്രവർത്തിയുടെ കീഴിലുള്ള ഹേറോദോസ് രാജാവിന്റെ കാലത്ത് യൂദായിലെ ബേത്‌ലഹേമിൽ യേശു ജനിക്കുന്നു. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ യേശുവിനെ ഇസ്രയേൽ ജനം തിരസ്കരിച്ചു. പക്ഷേ ഈ തിരസ്ക്കാരം വിജാതീയരുടെ രക്ഷയ്ക്ക് വഴിയൊരുക്കി. ഈ വീക്ഷണമാണ് വി. മത്തായി ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്. പൗരസ്ത്യദേശത്തു നിന്നു വന്ന മൂന്ന് ജ്ഞാനികൾ വിജാതീയരുടെ പ്രതിനിധികളായിട്ടാണ് വി. മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. ഇസ്രയേലിനെ നയിക്കാൻ ഉള്ളവൻ യൂദായിലെ ബേത്‌ലഹേമിൽ നിന്ന് ജനിക്കും എന്നുള്ള പ്രവചനത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ജനനത്തിലൂടെ സംഭവിക്കുന്നത്.

**പ്രമേയം**

പഴയനിയമത്തിലെ വാഗ്ദാനമായ രക്ഷകന്റെ ജനനവും ക്രിസ്തുവിന്റെ ജനനം മൂലം വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ഉണ്ടാകുന്ന മാറ്റങ്ങളും ആണ് ഇന്നത്തെ സുവിശേഷ ഭാഗത്തിന്റെ പ്രമേയം.

**സന്ദേശം**

യേശുവിനെ ദാവീദിന്റെ രാജകുലത്തിൻ പിറന്ന രാജകുമാരനായിട്ടാണ് വി. മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. അവൻ യേശു എന്ന് പേര് വിളിക്കപ്പെടണമെന്നും, അവൻ തന്റെ ജനത്തിന്റെ പാപങ്ങളിൽ നിന്ന് അവരെ രക്ഷിക്കുമെന്നും, മാലാഖാ ജോസഫിനോട് മുൻകൂടി പ്രവചിച്ചിട്ടുണ്ട്. ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും (മത്തായി 1:23).

ദൈവം മനുഷ്യകുലത്തിന് നല്കുന്ന ഏറ്റവും വലിയ സമ്മാനമാണ് "ഇമ്മാനുവേൽ". രക്ഷകൻ എന്നതുകൊണ്ടോ, ക്രിസ്തു എന്നതുകൊണ്ടോ, മാത്രമല്ല മറിച്ച് നമ്മോടു കൂടെ വസിക്കാൻ സന്നദ്ധനായി എന്നതു കൊണ്ടാണ് ഈ സമ്മാനത്തിന് വിലയേറുന്നത്. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും (ഏശയ്യാ 7:14) എന്ന പ്രവചനത്തിന്റെ പൂർത്തീക്കരണം. കൂടെ ആയിരിക്കുന്നതിന് ലോകത്തിലേക്ക് കടന്നു വന്ന ക്രിസ്തുവിന്റെ ഈ ജനനതിരുനാളിന്റെ സന്തോഷം പൂർണമാക്കപ്പെടുന്നത് "കൂടെ ആയിരിക്കുന്നതിലെ" മഹത്വം തിരിച്ചറിയുമ്പോഴാണ്. അത് ഒരു അനുഭവമാണ്. അപ്പോൾ ക്രിസ്മസ് രക്ഷകനോടുള്ള അനുഭവമായി മാറേണ്ടിയിരിക്കുന്നു. രക്ഷകൻ കൂടെ ആയിരിക്കുന്ന ഈ അനുഭവം ആദ്യം ലഭിച്ചത് പരി. കന്യകമറിയത്തിനാണ്. ഈ അനുഭവത്തിൽ നിന്നാണ് ദൈവമാതാവ് സ്തോത്ര ഗീതം ആലപിക്കുന്നത്.

രക്ഷകനോടൊപ്പമായിരിക്കുക  എന്നത് ജനനതിരുനാളിൽ പങ്കുകാരാവുക മാത്രമല്ല മറിച്ച് ആ അനുഭവത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുക എന്നതുകൂടിയാണ്. അവിടെയാണ് നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ പൂർണമാക്കപ്പെടുന്നത്. ക്രിസ്തു ജനിച്ചപ്പോൾ കാലിത്തൊഴുത്ത് രാജാക്കന്മാരുടെയും, ജ്ഞാനികളുടെയും സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായതുപോലെ, ആട്ടിയന്മാർക്ക് മാലാഖമാർ സന്തോഷത്തിന്റെ സദ്വാർത്ത അറിയിച്ചതുപോലെ, ജ്ഞാനികൾക്ക് ദീർഘദൂര യാത്രയിൽ അവസാനം ക്രിസ്തു അനുഭവം ലഭിച്ചതുപോലെ, യൂദായിലെ ബേത്‌ലഹേമിന് അനുഗ്രഹമായതുപോലെ ക്രിസ്തു കൂടെ ആയിരിക്കുന്ന അനുഭവം മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുമ്പോൾ ആണ് ക്രിസ്തുമസ് പൂർണമാക്കുന്നു. ഇപ്രകാരം എല്ലാ കാലത്തും തന്റെ മക്കളോട് കൂടെ ആയിരിക്കാൻ ഇറങ്ങി വന്ന യേശുക്രിസ്തുവിന്റെ ജനനത്തിരുനാൾ ആണ് നാം ആഘോഷിക്കുന്നതെങ്കിൽ മരണം വരെ അവനോട് ഒന്നായിരിക്കാനും അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും നാം കടപ്പെട്ടിരിക്കുന്നു. ലോകചരിത്രത്തിൽ ക്രിസ്തു വ്യത്യസ്തനാകുന്നത് വേഷത്തിലോ, ബാഹ്യമായ മോടിയിലോ അല്ല മറിച്ച് തന്റെ ജനത്തോട് ചേർന്നു ജീവിക്കാൻ കാണിച്ച സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ്. താൻ ദൈവമായിരുന്നിട്ടും മനുഷ്യനോട് അനുരൂപപ്പെടുവാനും മനുഷ്യന്റെ ജീവിതത്തോട് ഇഴുകിച്ചേരുവാനും തിരുമനസ്സായി. ഇവിടെയാണ് ഇമ്മാനുവേൽ അനുഭവം പൂർണമാകുന്നത്.

കൂടെ ആയിരിക്കുന്ന അനുഭവം പകരുന്ന ധൈര്യവും, ഉറപ്പും മുന്നോട്ടു നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതാണ്. ചിതറിക്കപ്പെട്ടിരുന്ന ജനതയായിരുന്നു ഇസ്രയേൽ ജനം. പിന്നീട് ഒരു ദേശം അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ അവിടെ എത്തിചേരുവാൻ 40 വർഷങ്ങൾ എടുത്തു. മനസ്സുമടുക്കാതെ തളർന്നു പോകാതെ തേനും പാലും ഒഴുകുന്ന ആ ദേശത്തേക്ക് അവർക്ക് പ്രവേശിക്കാൻ കഴിഞ്ഞത് വാഗ്ദാനത്തിന്റെ പേടകം അവരുടെ കൂടെ ഉണ്ടായിരുന്നത് കൊണ്ടാണ്. ആ പേടകം ദൈവത്തിന്റെ സാന്നിധ്യം ആയിരുന്നു. ദൈവം തങ്ങളുടെ കൂടെ ഉണ്ടെന്ന ഉറപ്പായിരുന്നു. ഈ കൃപയും ധൈര്യവുമാണ് ഇമ്മാനുവേൽ അനുഭവം നമുക്ക് പകരുന്നത്.

മാറുന്ന ലോകത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ചൈതന്യവും ഇതുതന്നെയാണ്. മനുഷ്യൻ മനുഷ്യനുമായി അനുരൂപപ്പെടുവാനും അപരനിലേക്കു കടന്നു ചെല്ലാനും ഉള്ള താൽപര്യക്കുറവ്. കേൾക്കാൻ ആരും ഇല്ലാത്ത അവസ്ഥ ഇന്നത്തെ മനുഷ്യന്റെ വലിയ പരാതിയായി നില്ക്കുന്നു. ഒരുവന്റെ പ്രശ്നങ്ങളെയും വിഷമങ്ങളെയും കേൾക്കാനും അവന്റെ വിഷമങ്ങൾ എന്റേതാണെന്നു ചിന്തിക്കാനുള്ള മനുഷ്യമനസ്സിന്റെ ക്ഷാമം, ഇവിടെയാണ് ഇമ്മാനുവേൽ അനുഭവത്തിനു പ്രാധാന്യം ഏറുന്നത്. കൂടെ ആയിരുന്നുകൊണ്ട് ധൈര്യം പകരാനും സാന്നിധ്യം കൊണ്ട് അനുഗ്രഹമാക്കാനും സാധിക്കണം. “Presence is the best present of the Christmas” എന്നാണ് ഒരു കവിതയിൽ പറയുന്നത്. സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും, സന്തോഷപ്രദവുമാണ്. (സങ്കീ 133:1) എന്ന് സങ്കീർത്തകൻ പാടുന്നതും കൂടെ ആയിരിക്കുന്നതിന്റെ മഹത്വം വരച്ചുകാടുന്നു.

ക്രിസ്തു എന്റെ ഉള്ളിൽ ജനിക്കുന്നുവെങ്കിൽ ആ ഇമ്മാനുവേൽ അനുഭവം മറ്റുള്ളവർക്ക് പകർന്നു കൊടുത്തുകൊണ്ട് മറ്റുള്ളവരെ സഹോദരങ്ങളായി കണ്ട് അവരോട് കൂടെ ആയിരിക്കുവാനും നമുക്ക് സാധിക്കട്ടെ അങ്ങനെ ഈ ക്രിസ്മസ് എല്ലാവരെയും ഉൾക്കൊള്ളുന്ന എല്ലാവരെയും സ്നേഹിക്കുന്ന, എല്ലാവരോടും ഒപ്പമായിരിക്കുന്ന അനുഭവമായി തീരട്ടെ.

# യൽദായ്ക്കു ശേഷം ഒന്നാം ഞായർ

## ലൂക്കാ 2:41–52

**ബ്ര. അലക്സ് ഒ. ഐ.സി**

**പശ്ചാത്തലം:**

യഹൂദൻമാരുടെ മഹാ തിരുനാളായ പെസഹായോടനുബന്ധിച്ച് ജറുസലേം ദേവാലയത്തിൽ നടത്തിവരുന്ന തീർത്ഥാടത്തിന്റെ സമയത്ത് യേശുവിനെ കാണാതെ പോകുകയും ദേവാലയത്തിൽ കണ്ടെത്തുകയും ചെയ്യുന്നു.

**പ്രമേയം:**

ജറുസലേമിൽ നിന്നുള്ള മടക്കയാത്രയിൽ യേശുവിന്റെ അസാന്നിധ്യം മനസിലാക്കുന്ന തിരുക്കുടുംബത്തെക്കുറിച്ചും ഈ സാന്നിധ്യത്തിന്റെ നഷ്ടവും തിരിച്ചറിവും ഉളവാക്കാത്ത കാലത്തെക്കുറിച്ചുമാണ് ഇവിടെ പ്രതിവാദിക്കുന്നത്.

**സന്ദേശം:**

യഹൂദനായി ജീവിക്കുന്ന ഏതൊരുന്റെ സ്വപ്നമാണ് ജറുസലേമിലെത്തി പെസഹാ ആചരിക്കുക എന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും യഹൂദന്മാർ ഒരുമിച്ചുകൂടുന്ന തിരുനാളാണിത്. ദിവസങ്ങളോളം നടന്നാണ് ബലിയർപ്പിക്കുവാൻ എത്തുക. അതിനുള്ള ഒരുക്കങ്ങളും ധാരാളം ഉണ്ട്. അങ്ങനെയാണ് യൗസേഫ് മറിയവും യേശുവും ജറുസലേമിലേക്ക് പോയത്. ഒറ്റയ്ക്കോ കൂട്ടമായോ ആണ് ജറുസലേമിലേക്ക് പുറപ്പെടുക. അതുകൊണ്ടാണ് യൗസേപ്പും കുടുംബവും ബന്ധുക്കളും യാത്ര പുറപ്പെടുന്നത്. അങ്ങനെ ഒരുമിച്ച് തിരികെ വരുമ്പോഴാണ് യേശു കൂടെയില്ല എന്നു മനസിലാക്കുന്നത്. യാത്രാ സംഘത്തിന്റെ കൂടെ യേശു കാണും എന്ന് അവർ വിശ്വസിച്ചു. കൈപിടിച്ചു കൂടെ നടന്ന യേശുവിന്റെ അസാന്നിധ്യം കുടുംബത്തിനും വേദന കൂടുന്നു. അവനെ അന്വേഷിച്ചു തിടുക്കത്തിൽ ജറുസലേമിക്ക് യാത്ര പുറപ്പെടുകയും അവിടെ വച്ച് യേശുവിനെ കണ്ടെത്തുകയും ചെയ്യുന്നു.

ബാല്യം മുതലുള്ള അപ്പന്റെ അമ്മയുടെയും കരുതലാണ് അവരുടെ വിരൽത്തുമ്പിൽ പിടുച്ചുനടക്കുന്ന കുഞ്ഞ്. പക്ഷേ ഏതെങ്കിലും പ്രായത്തിൽ നിങ്ങളുടെ വിരൽത്തുമ്പിൽ നിന്നകന്ന് നിങ്ങളുടെ കുഞ്ഞ് നഷ്ടപ്പെട്ടാൽ അഥവാ അവന്റെ മാത്രം സന്തോഷത്തിൽ നടക്കാൻ മുതിർന്നാൽ എവിടെയാകും നിങ്ങളുടെ കുഞ്ഞിനെ തിരയുക. മാതാപിതാക്കൾ ജീവിതം കൊണ്ടോ ചിന്ത കൊണ്ടോ വിരൽ ചൂണ്ടിയ ഏതെങ്കിലുമൊരിടം തന്നെയാകും അവൻ തിരഞ്ഞെടുക്കുക. തിരുക്കുടുംബം ജീവിതം നല്കിയ കുഞ്ഞിന് അത് ദേവാലയമായിരുന്നു പക്ഷേ നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഏതായിരിക്കും ആ ഇടം.

കർത്താവിന്റെ കൈപിടിച്ചു നടന്നു തുടങ്ങുന്നവർക്ക് പറ്റുന്ന ഏറ്റവും വലിയ പാളിച്ച, ചിലപ്പോഴെങ്കിലും ആ സാന്നിധ്യം നഷ്ടപ്പെടുന്നു എന്ന് തിരിച്ചറിയനാവുന്നില്ല. ജീവിതത്തിന്റെ വഴിക്കവലക

ളിൽ എവിടെവച്ചോ നമുക്ക് കർത്താവിന്റെ വിരൽത്തുമ്പ് നഷ്ടമാകുന്നു എന്നിട്ടും അറിയാതെ യാത്ര തുടരുകയാണ് ദുരന്തത്തിൽ എത്തി നശിക്കുവോളം.

പ്രസിദ്ധമായ അന്ത്യത്താഴത്തിന്റെ ചിത്രം വരച്ച ലിയാനാർഡോ ഡാവിഞ്ചി സ്വീകരിച്ച ഒരു രീതിയായിരുന്നു യേശുവിനോടും ശിഷ്യൻമാരോടും സാമ്യമുള്ള വ്യക്തിക്കളെ ഇരുത്തി അന്ത്യത്താഴത്തിന്റെ ചിത്രം വരക്കുക. അങ്ങനെ യൂദായെ ഒഴുക്കെ മറ്റെല്ലാവരെയും വരച്ചു കഴിഞ്ഞപ്പോൾ യുദാസിനെ വരക്കാൻ ആരെയും കിട്ടാതെ വന്നു 13 വർഷങ്ങൾ ശേഷം ഒരുവനെ കണ്ടെത്തി ചിത്രം പൂർത്തിയാക്കുകയും ചെയ്തു. ചിത്രം കണ്ട് പൊട്ടി കരഞ്ഞ യൂദാസിന്റെ രൂപ സാദൃശ്യം ഉള്ളവനോട് കാര്യം അന്വേഷിച്ചപ്പോൾ വർഷങ്ങൾക്ക് മുമ്പ് യേശുവിനെ വരക്കാൻ മോഡലായി വന്നതും ഇതേ വ്യക്തി തന്നെയായിരിന്നു.

ജീവിതത്തിന്റെ ഏതു ഘട്ടത്തിൽ വച്ചാണ് ചുവടുകൾ തെറ്റുന്നത്....എവിടെ വച്ചാണ് കർത്താവിന്റെ ഈ മുഖഭാവവും സാന്നിധ്യവും നമുക്ക് നഷ്ടമാകുന്നത്... അതുപോലും നാം, നീ പോലും അറിയുന്നില്ല എന്നതാണ് ദുരന്തം. ആദ്യമായി യേശുവിനെ സ്വീകരിക്കുന്നവൻ അൾത്താരയുടെ മുമ്പിൽ നിന്ന അതിനിർമ്മലമായ മുഖമുണ്ടായിരുന്നു നമുക്ക്. ഇന്ന് കാലഘട്ടങ്ങൾ കഴിയുമ്പോൾ നടനം തെറ്റിയ ആ വഴികൾ ആ മുഖത്തുണ്ടാക്കിയ തിൻമയുടെ ചാലുകൾ നമ്മെ അസ്വസ്ഥാരക്കണം.

കുടുംബത്തിലെ സന്ധ്യാപ്രാർത്ഥനകൾക്ക് ഇടമില്ലാത്ത വിധം TV ചാനലുകൾ നിറയുമ്പോൾ ...........

ഞായറാഴ്ചകളിലെ ബലിക്ക് പങ്കുകാരനാകാൻ സമയമില്ലാത്തവിധം വ്യഗ്രതകൾക്ക് നിന്നെ വിട്ടുനൽകുമ്പോൾ...

നാലാൾ തിരുവാഴ്ത്ത് നടത്തുന്ന ഒരു തിന്മ പാപമല്ല എന്ന് വിധിയെഴുതി അതിനോട് മനസാ ചേർക്കുമ്പോൾ...

കൂടെ നടക്കുന്ന ദൈവത്തിന്റെ കൂട്ടു നഷ്ടപ്പെട്ടുകയാണ്. കർത്താവ് കൂടെ ഉണ്ടെങ്കിലേ നമുക്ക് യാത്ര പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. യാത്രയിൽ കരുതിവെച്ചിരിക്കുന്നത് ഏത് സഹനങ്ങളും കണ്ണുനീരും ബലിയുമൊക്കെയാണെങ്കിലും കൂടെ നടക്കാൻ കർത്താവുണ്ടെങ്കിൽ അതൊരു സ്നാനം പോലെ നമ്മെ ഉൻമേഷ ഭരിതരാക്കും. അതുകൊണ്ട് കർത്താവിന്റെ കരം പിടിച്ചുനടക്കാൻ ഒരുവേള അത് നഷ്ടപ്പെട്ടാൽ അത് നമുക്കൊരു വിശുദ്ധ നോമ്പരമായി മാറാനും കൃപയ്ക്കു വേണ്ടി പ്രാർത്ഥിക്കാം. ഒരോ പ. ബലിയിലും യേശുവിന്റെ കൂടെ നടക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.